# കഥ തുടരുന്നു

----- വാർത്താധിഷ്ഠിതം -----

DEEPIKA

DEEPIKA

THE FIRST MALAYALAM DAILY

ESTD:1887

എസ്.കാച്ചപ്പിള്ളി

## മറ്റു കൃതികൾ

**<u>കഥകൾ</u>**

ഒറ്റമുറിവീട്

ഒരു ബുദ്ധിജീവിയും കുറെ അനുയായികളും

ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥ

**<u>ലേഖനങ്ങൾ:</u>**

കേരളമോഡൽ പ്രതിസന്ധി

ക്ലബ് ഹൗസ്

**<u>നുറുങ്ങു ലേഖനങ്ങൾ:</u>**

ദുരന്തങ്ങൾ നൽകുന്ന പാഠം

സാന്ത്വനം

**<u>നുറുങ്ങു ചിന്തകൾ:</u>**

മൊഴിമുത്തുകൾ

എന്റെ ജനാധിപത്യ ചിന്തകൾ

# കഥ തുടരുന്നു

**(വാർത്താധിഷ്ഠിതം)**


Author : S.Kachappilly

Phone : 9446459784

Facebook : sebastian kachappilly

YouTube : sebastiankachappilly

e-mail : sebastiankachappilly@yahoo.com

Web : www.kachappilly.in

ഓരോ ദിവസത്തെയും പ്രധാന പത്രവാർത്ത കളെ അടിസ്ഥാനപ്പെടുത്തി അവലോകനം ചെയ്യുന്ന #കഥഇതുവരെ എന്ന പംക്തിയാണ് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നത്. 2021 ഡിസംബർ മാസം മുതൽ 2022 ഫെബ്രു വരി മാസം വരെയുള്ള പ്രധാന വാർത്തക ളാണ് വാർത്താധിഷ്ഠിത പംക്തിയായി പുറത്തു വരുന്നത്. വാർത്തകളെ എങ്ങനെ നോക്കിക്കാ ണണം എന്നു ചൂണ്ടിക്കാണിക്കാൻ കൂടി ഈ പംക്തി ഉതകുമെങ്കിൽ എന്റെ പ്രയത്നം വിഫല മായില്ല എന്നു കരുതുന്നു. വാർത്തകളെ വിശ കലനം ചെയ്യുന്നത് എന്റേതായ രീതിയിലൂടെ യാണ് എന്നതും ഇവിടെ പ്രസ്താവിക്കട്ടെ.

ഉക്രൈനും റഷ്യയും തമ്മിലുള്ള യുദ്ധത്തിൽ റഷ്യൻ സേന മുന്നേറുമ്പോഴും ഉക്രൈൻ സേനയിൽ നിന്നും ശക്തമായ പ്രതിരോധം നേരിടുന്നതിനിടെ റഷ്യൻ അണ്വായുധ സേനക്ക് അവിടത്തെ പ്രസിഡന്റ് പ്രത്യേക ജാഗ്രത നിർദ്ദേശം പുറപ്പെടുവിച്ചിരിക്കുകയാണ്. (Feb 28, 2022)

അപ്രതീക്ഷിതമായി നീണ്ടു പോകുന്ന യുദ്ധം ലോകത്തെ ആകാംക്ഷയുടെ മുൾമുനയിലാക്കുന്നു. അവിടെയാണ് റഷ്യ അവരുടെ അണ്വായുധസേനക്ക് നൽകിയ പ്രത്യേക ജാഗ്രത നിർദ്ദേശം പ്രസക്തമാവുന്നത്. ഒരു കമ്മ്യൂണിസ്റ്റ് സിദ്ധാന്തത്തിൽ ഇപ്പോഴും ഉറച്ചു നില കൊള്ളുന്ന രാജ്യമായ റഷ്യൻ ജനതയിൽ കാണാവുന്ന മനോഭാവം അവരെ കൊന്നു കൊണ്ടു വരാൻ പറഞ്ഞാൽ തിന്നുകൊണ്ട് വരുന്നവരാക്കി മാറ്റുന്നു.

#കഥതുടരുന്നു

കേഡർ സിദ്ധാന്തവും യുദ്ധവും

ഉക്രൈൻ ധീരതയോടെയും പതറാതെയും റഷ്യയുമായുള്ള യുദ്ധത്തിൽ നിലയുറപ്പിക്കുകയും യു.എൻ. രക്ഷാസമിതി അവതരിപ്പിച്ച പ്രമേയത്തിൽ ഇന്ത്യയും ചൈനയും വിട്ടുനിൽക്കുകയും യൂറോപ്യൻ രാജ്യങ്ങൾ ഉക്രൈനിന് കൂടുതൽ ആയുധങ്ങൾ എത്തിച്ചു നൽകുകയും റഷ്യക്കെതിരെ കടുത്ത നിലപാടുകൾ കൂടുതൽ കൂടുതൽ രാജ്യങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. (Feb 27, 2022)

ഓരോ യുദ്ധവും യുദ്ധമേഖലയിലുള്ളവർക്കു മാത്രമല്ല ലോകത്തിലെ വിവിധ ഭാഗങ്ങളിലുമുള്ള ജനങ്ങൾക്കും അങ്കലാപ്പും ഭീതിയും നാശനഷ്ടങ്ങളും സംഭാവന ചെയ്യുന്നു. യുദ്ധമില്ലാത്ത നാളുകളെ സ്വപ്നം കാണുന്ന ലോകസമൂഹം പക്ഷെ സ്വന്തം രാജ്യത്തിന്റെ ആത്മാഭിമാനത്തിനായും മറ്റു രാജ്യങ്ങളുടെ പരമാധികാരത്തിൽ മേൽക്കോയ്മ നേടുന്നതിനായും യുദ്ധം ചെയ്യാൻ തയ്യാറാവുന്നു. ധാർമ്മീകത പരിഗണിക്കാതെയാണ് കേരളീയൻ നേതൃത്വങ്ങളെ തിരഞ്ഞെടുക്കന്നതെങ്കിലും ഇത്തരം നേതൃത്വങ്ങൾ നമ്മളെ ആപത്തുകളിലേക്ക് നയിക്കുക തന്നെ ചെയ്യും.

#കഥതുടരുന്നു

അപ്രമാദിത്വവും അനുകമ്പയും

ഉക്രൈന്റെ തലസ്ഥാനമായ കീവിൽ റഷ്യൻ സൈന്യം എത്തുകയും റഷ്യൻ സൈന്യത്തെ നേരിടാൻ നഗരവാസികൾക്കും ഉക്രൈൻ സർക്കാർ യന്ത്രതോക്കുകൾ വിതരണം ചെയ്യുകയും ചെയ്തിരിക്കുകയാണ്. (Feb 26, 2022)

അസംതൃപ്തരായ ഒരു ജനവിഭാഗംകൂടി ലോക സമാധാനത്തിന് ദോഷം ചെയ്യുന്ന കൂട്ടത്തിലേക്ക് അണിചേരുകയാണ്. അതുകൊണ്ടു തന്നെ റഷ്യൻ അധിനിവേശത്തോട് ഉക്രൈൻ ജനത എങ്ങനെ പ്രതികരിക്കും എന്നതായിരിക്കും ലോകം ഉറ്റു നോക്കുന്നത്. റഷ്യൻ പട്ടാളത്തെ നിരത്തികൊണ്ട് ആത്മാഭിമാനികളായ ഉക്രൈൻ ജനതയെ എങ്ങനെ മെരുക്കിയെടുക്കാൻ കഴിയും എന്നതും റഷ്യക്കെതിരെ എത്രനാൾ യൂറോപ്യൻ രാജ്യങ്ങൾക്ക് ഉപരോധം ഏർപ്പെടുത്താൻ കഴിയും എന്നതും ലോകം ഉറ്റു നോക്കുന്നു.

#കഥതുടരുന്നു

ബലവാന്റെ കാട്ടുനീതി.

കാർഷീകേരതര പ്രവർത്തനങ്ങൾക്കായുള്ള ഭൂമി ഉപയോഗത്തിൽ കേരള സംസ്ഥാനത്ത് വൻ വർദ്ധനയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (Feb 24, 2022)

ലോകത്തുള്ള എല്ലാ സ്ഥലങ്ങളിലും വ്യവസായിക മേഖല വളർച്ച പ്രാപിക്കുമ്പോൾ കേരളത്തിൽ കാർഷിക മേഖലയോടൊപ്പം വ്യവസായിക മേഖലയും തളരുകയാണുണ്ടായത്. ചുരുക്കത്തിൽ ഇന്നത്തെ നിലയിൽ പോവുകയാണെങ്കിൽ 2030 ആകുമ്പോൾ സർക്കാർ മേഖലയിലെ ജീവനക്കാരും പൊതുമേഖലയിലെ ജീവനക്കാരും സംസ്ഥാനത്തെ രാഷ്ട്രീയ-ഭരണ നേതൃത്വത്തിലുള്ളവരും അവശേഷിക്കുകയും കേരള സംസ്ഥാനത്തെ യുവതീ-യുവാക്കൾ അന്യരാജ്യങ്ങളിലേക്ക് കുടിയേറുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ മാറുകയും ചെയ്യും. ഇത് ആനയില്ലാതെ പാപ്പാനും തോട്ടിയുമായി അവശേഷിക്കുന്ന പരിതാപകരമായ അവസ്ഥയായിരിക്കുമെന്ന് കേരളീയൻ തിരിച്ചറിയേണ്ടിയിരിക്കുന്നു.

#കഥതുടരുന്നു

അധികാരത്തിന്റെ അവശേഷിപ്പുകൾ

കേരള സംസ്ഥാനത്തെ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് നൽകുന്ന പെൻഷൻ ചട്ടപ്രകാരമാണെന്ന നിലപാടിലാണ് സംസ്ഥാന സർക്കാർ. (Feb 21, 2022)

കോവിഡാനന്തര ദുരിത കാലഘട്ടത്തിൽ സർക്കാർ ജീവനക്കാരെയും പൊതുമേഖല ജീവനക്കാരെയും പേഴ്സണൽ സ്റ്റാഫ് ഉൾപ്പടെയുള്ള രാഷ്ട്രീയ നേതൃത്വങ്ങളെയും വരേണ്ണ്യ വർഗ്ഗമായി വളർത്തിയെടുക്കാനുള്ള ശ്രമമാണ് കേരള സംസ്ഥാന സർക്കാർ ഇപ്പോൾ ചെയ്യുന്നത്.

#കഥതുടരുന്നു

രണ്ടാമൻ ഒന്നാമനാകുമ്പോൾ

സംസ്ഥാനത്തെ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ പാർട്ടിക്കാരെ കയറ്റി അവർക്ക് പെൻഷൻ നൽകുന്ന രീതി അംഗീകരിക്കാനാകില്ലെന്നും ഇക്കാര്യത്തിൽ നടപടി ഒരു മാസത്തിനകം ഉണ്ടാകുമെന്നും കേരള സംസ്ഥാന ഗവർണർ. (Feb 20, 2022)

ഗവർണർ എന്ന നിലയിൽ ലോകായുക്ത ബിൽ ഭേദഗതി ഓർഡിനൻസിൽ ഒപ്പിട്ടതും ചാൻസലർ എന്ന നിലയിൽ വൈസ് ചാൻസലർ പുനർ നിയമനത്തിൽ ഒപ്പ് വച്ചതും ജനാധിപത്യ വിശ്വാസികളെ ആശങ്കാകുലരാക്കിയിരുന്നു. അത്തരം ദൂരവ്യാപകമായതും ഗൗരവതരവുമായ കാര്യങ്ങളിൽ സംയമനം പാലിച്ച ഗവർണ്ണർ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ പെൻഷൻ കാര്യത്തിൽ പോരാടാനുറച്ചിരിക്കുകയാണ്.

#കഥതുടരുന്നു

ജനാധിപത്യത്തിലെ ജനകീയത

ഭാരതത്തെയും ലോകത്തേയും നടുക്കിയ അഹമ്മദാബാദ് സ്ഫോടന കേസിൽ വിചാരണക്കോടതി 38 പേർക്ക് വധശിക്ഷ വിധിച്ചിരിക്കുകയാണ്. (Feb 19, 2022)

ഇരുപതാം നൂറ്റാണ്ട് പിന്നിട്ടിട്ടും മതവിശ്വാസങ്ങളിൽ ആഴ്ന്നിറങ്ങി മതാന്ധത രൂക്ഷമായി പ്രകടമാക്കുന്ന രാജ്യങ്ങളിലൊന്നാണ് ഭാരതം. ഭീകര സംഘടനകൾ ആയുധങ്ങളും ബോംബും പ്രയോഗിച്ച് കൊലപാതകങ്ങൾ നടത്തുമ്പോൾ വിവാഹാഘോഷങ്ങൾക്കിടയിലെ അഭിപ്രായ വ്യത്യാസങ്ങൾക്ക് പോലും ബോംബുകൾ കൊണ്ട് മറുപടി പറയുന്ന അവസ്ഥയിലേക്ക് കേരള സംസ്ഥാനത്തെ രാഷ്ട്രീയ-ഭരണ നേതൃത്വങ്ങൾ എത്തിച്ചിരിക്കുന്നു.

#കഥതുടരുന്നു

ശാന്തിയും സമാധാനവും

നിയമസഭാ സമ്മേളനം തുടങ്ങാനിരിക്കെ കെ. എസ്.ഇ.ബി ചെയർമാൻ ഇടത് യൂണിയനുകൾക്കെതിരെ ഉന്നയിച്ച ആരോപണങ്ങൾ സർക്കാരിനെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. (Feb 17, 2022)

ഏറ്റവും കുറഞ്ഞ ചിലവിലൊ ഗാർഹീക ഉപഭോക്താക്കൾക്ക് സൗജന്യമായൊ വൈദ്യുതി നൽകാവുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. രാഷ്ട്രീയ-ഭരണ മേഖലയിലുള്ളവരുടെ പിടിപ്പുകേടും, പൊതുമേഖലയോടും സർക്കാർ മേഖലയിലെ നോക്കുകൂലി സംവിധാനങ്ങളോടുമുള്ള കേരളീയന്റെ ആരാധന മനോഭാവവും, കാലങ്ങളായി സംസ്ഥാനത്തെ ജനജീവിതം ദുഷ്ക്കരമാക്കുന്നു. സർക്കാർ-പൊതുമേഖല സംവിധാനങ്ങൾക്ക് കേരള ജനതയെ ചൂഷണം ചെയ്യുന്നതിന് ഉന്നത രാഷ്ട്രീയ-ഭരണ നേതൃത്വങ്ങൾ സഹായം ചെയ്യുക വഴി സംഘം ചേർന്നുള്ള കൊള്ളയടി കേന്ദ്രങ്ങളായി നമ്മുടെ സംസ്ഥാനം മാറിയിരിക്കുന്നു.

#കഥതുടരുന്നു

ഒന്നാം തരം പൗരന്മാർ

കെ-റയിൽ പദ്ധതിയുടെ സാമൂഹികാഘാത പഠനത്തിനുവേണ്ടി സർവ്വേ നടത്താനും ഭൂമിയിൽ ഉചിതമായ അടയാളം (സർവ്വേകല്ല്) സ്ഥാപിക്കാനും സംസ്ഥാന സർക്കാരിന് അധികാരമുണ്ടെന്ന് ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിധിച്ചിരിക്കുകയാണ്. (Feb 15, 2022)

വ്യക്തമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്മാർക്ക് ഭൂമിയിൽ ഉചിതമായ അടയാളം (സർവ്വേകല്ല്) സ്ഥാപിക്കാൻ സംസ്ഥാന സർക്കാരിനെ തടയുന്നത് നിയമ വൃത്തങ്ങളിൽ അങ്കലാപ്പുളവാക്കിയിരുന്നു. ഡിവിഷൻ ബഞ്ചിന്റെ വിധിയോടെ സംസ്ഥാനത്ത് വേരൂന്നിയ പുത്തൻസംരഭങ്ങളോടുള്ള എതിർപ്പിന്റെ മുന തത്ക്കാലം ഒഴിവാക്കാൻ കഴിഞ്ഞു എന്നു ആശ്വസിക്കാം.

#കഥതുടരുന്നു

കടക്കൂ പുറത്ത്.

സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയിൽ 30% ആണ് കഴിഞ്ഞ 15 വർഷത്തിനുള്ളിൽ കുറവ് സംഭവിച്ചിരിക്കുന്നത്. (Feb 14, 2022)

ഭൂമി തുണ്ട് തുണ്ടായി വിഭജിക്കുകയും കൃഷി സ്ഥലങ്ങളിൽ ആധുനിക സംവിധാനങ്ങൾ ഉപയോഗിക്കാൻ സമ്മതിക്കാതിരിക്കുകയും ചെയ്തതോടു കൂടി കൃഷി ലാഭകരമല്ലാതാവുകയും കേരളീയന് അന്യസംസ്ഥാനങ്ങളിൽ നിന്നുപോലും വരുന്ന വിഷലിപ്തമായ ഭക്ഷണ സാധനങ്ങൾ വാങ്ങി ഉപയോഗിക്കേണ്ടി വരുകയും ചെയ്തു. മറ്റ് സംസ്ഥാനങ്ങളോടൊപ്പം കേരളത്തിലും പഞ്ചായത്ത് രാജ് സംവിധാനം നടപ്പിലാക്കിയതോടുകൂടി കൃഷി ചെയ്യാത്ത പൊക്കാളി പാടങ്ങൾ തദ്ദേശ സ്ഥാപനങ്ങൾക്ക് പാട്ടത്തിനെടുക്കാവുന്നതും വിത്ത് വിതച്ച് ആവശ്യക്കാർക്ക് കൊയ്തെടുക്കാനാവും വിധം സംവിധാനങ്ങൾ ഒരുക്കാവുന്നതുമാണ്.

#കഥതുടരുന്നു

വിനാശകരമായ ആരോഗ്യം.

കപ്പൽ നിർമ്മാണവും അറ്റകുറ്റപണികളും നടത്തുന്ന എ.ബി.ജി ഷിപ്പിയാർഡ് കമ്പനിയുടെ ഡയറക്ടർമാക്കെതിരെ, കോടികളുടെ വൻ വായ്പാ തട്ടിപ്പിനെ തുടർന്ന്, സി.ബി.ഐ കേസെടുത്തിരിക്കുകയാണ്. (Feb 13, 2022)

അമേരിക്ക പോലുള്ള രാജ്യങ്ങളിൽ ബാങ്കുകൾ തകർന്നതിന്റെ ഫലമായി പലവിധ ലോകരാജ്യങ്ങളും വൻപ്രതിസന്ധിയെ നേരിട്ടിട്ടുണ്ട്. ഭാരതത്തിലാകട്ടെ വൻവായ്പ തട്ടിപ്പുകളിൽ രാഷ്ട്രീയക്കാരുടെ ഇടപെടലുകളാണ് പ്രധാന കാരണമായി ചൂണ്ടി കാണിക്കാവുന്നത്. ഉന്നത നിലവാരം പുലർത്തുന്ന കേരളത്തിൽ പോലും ധാർമ്മീകതയും വിദ്യാഭ്യാസവും കാര്യങ്ങളെ വിവേചിച്ചറിയാനുള്ള കഴിവും പരിഗണിക്കാതെയാണ് രാഷ്ട്രീയ നേതൃത്വങ്ങളെ തിരഞ്ഞെടുക്കുന്നത്.

#കഥതുടരുന്നു

രാഷ്ട്രീയാതിപ്രസരം.

സംസ്ഥാനത്ത് ബസ് ചാർജ്ജ്, വൈദ്യുതി ചാർജ്, ഓട്ടോ–ടാക്സി നിരക്കിലുള്ള വർദ്ധന, വെള്ളക്കരം ഉയർത്തൽ തുടങ്ങിയവയെല്ലാം വൈകാതെ നിലവിൽ വരികയാണ്. (Feb 12, 2022)

സംസ്ഥാനത്ത് തത്ക്കാലം ഇലക്ഷൻ ഒന്നും ഉട നടി വരുന്നില്ല. കേരളീയന്റെ ആളോഹരി കടം ഒരു ലക്ഷം ആകുവാൻ വലിയ താമസവുമില്ല. കേരളത്തിൽ രാഷ്ട്രീയ നേതൃത്വത്തിലുള്ള വരും സർക്കാർ മേഖലയിലുള്ളവരും പൊതു മേഖലയിലുള്ള ജീവനക്കാരും അർമാദി ക്കുമ്പോൾ ഈ കോവിഡ് കാലാനന്തര ജീവിതം ദുഷ്ക്കരമാക്കുന്ന നിരക്ക് വർദ്ധന യാണ് വരാൻ പോകുന്നത്. കോവിഡ് കാലത്തും തുടർന്നും സംസ്ഥാന സർക്കാ രിന്റെ അർമാദിക്കൽ ആണ് ഇത്തരമൊരു പ്രതി സന്ധിക്ക് കാരണമായത്.

#കഥതുടരുന്നു

കോവിഡ് കാലാനന്തരം.

തിരഞ്ഞെടുപ്പിൽ വോട്ടർമാർക്ക് പിഴവു പറ്റി യാൽ ഉത്തർപ്രദേശ് കാശ്മീരൊ, കേരളമൊ, പശ്ചിമബംഗാളൊ ആയി മാറുമെന്ന് ഉത്തർപ്ര ദേശിലെ ആദ്യഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന സമയത്ത് അവിടത്തെ മുഖ്യമന്ത്രി നടത്തിയ പ്രസംഗത്തിനെതിരെ കേരള സംസ്ഥാനത്ത് വ്യാപകമായി പ്രതിഷേധം ഉയരുകയാണ്. (Feb 13, 2022)

അന്യനാടുകളിൽ പോയി പണിയെടുക്കുന്നവ രെക്കൊണ്ട് ജീവിച്ചും നിലനിന്നും പോകുന്ന സംസ്ഥാനമായ കേരളത്തിൽ നേതാക്കൾ പ്രാദേശിക വികാരം ഊട്ടി വളർത്തുന്നതായി കാണാം. മുൻതലമുറകളുടെ പ്രയത്നഫല മായി വിദ്യാഭ്യാസത്തിലും ആരോഗ്യ മേഖല യിലും മേൽക്കോയ്മ നേടിയത് ചോദ്യം ചെയ്യു ന്നതാണ് ഇത്തരം പ്രാദേശിക വികാരങ്ങൾ. ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ കേരളത്തിലെ പല പാർട്ടിനേതാക്കളുടേയും ഭരണതലത്തി ലുള്ള പല നേതാക്കളുടേയും ഇത്തരം പ്രവൃ ത്തികൾ കണ്ടാൽ അവരുടെ പെരുമാറ്റം മുൻത ലമുറ താഴ്ന്ന ജാതിയിൽപ്പെട്ടവരോട് പെരുമാ റുന്നതുപോലെയാണെന്ന് കാണാം.

#കഥതുടരുന്നു

വികാരം പ്രാദേശിക വികാരം.

സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷിക ത്തോടനുബന്ധിച്ച് 100 ദിന കർമ്മ പരിപാടി യുടെ ഭാഗമായി ഏതാനും കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചിരിക്കുകയാണ്. (Feb 10, 2022)

കാലാകാലങ്ങളിൽ നടപ്പിലാക്കേണ്ട ദൈനംദിന പ്രവർത്തികളെ മാറ്റി നിറുത്തി അവയൊക്കെ വിശേഷ ദിവസങ്ങളിലെ പ്രവർത്തികളാണെന്ന് വരുത്തി തീർക്കുന്ന പ്രവണത കണ്ടു വരുന്നു. മാന്യന്മാരെ അവഹേളിച്ച് വെടക്കാക്കി തനിക്കാ ക്കുന്ന പ്രവണതപോലെ നിരുത്സാഹപ്പെടു ത്തേണ്ട പ്രവണതകളിലൊന്നാണിത്. ഭൂമി യുടെ അളവ് കൃത്യമായി രേഖപ്പെടുത്തുന്ന ഡിജിറ്റൽ സർവ്വേ ഇതിനൊരുദാഹരണമാണ്.

#കഥതുടരുന്നു

വിശേഷത ഒരു സവിശേഷത

സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി രാവിലെ മുതൽ വൈകുന്നേരംവരെ പ്രവർത്തിക്കാൻ ആവശ്യമായ ക്രമീകരണം ഒരുക്കുകയാണ്. (Feb 09, 2022)

കോവിഡിന്റെ പേരിൽ വലിയ കോലാഹലങ്ങൾ ഒരുക്കുകയും അടിയന്താരാവസ്ഥക്ക് സമാനമായ അന്തരീക്ഷം സൃഷ്ടിക്കുകയും അമേരിക്ക പോലുള്ള വികസിത രാഷ്ട്രങ്ങളുടെ മഹാമാരിയോടുള്ള നിലപാടുകളെ അവജ്ഞയോടെ നോക്കിക്കാണുകയും ചെയ്തിരുന്ന നാളുകൾ മായുകയാണ്. കോവിഡിന്റെ വിവിധ ഘട്ടങ്ങളിൽ ഭാവി തലമുറക്ക് അവരുടെ ഇളം പ്രായത്തിലെ വിവിധ കാലയളവുകളിൽ നേരിടേണ്ടി വന്ന സാമൂഹ്യ ആഘാതങ്ങൾ വിദ്യാലയങ്ങൾ തുറക്കുന്നതോടെ മാറുകയും പുതിയ അനുഭവങ്ങൾ അവർക്ക് സമ്മാനിക്കുകയും ചെയ്യുന്നു.

#കഥതുടരുന്നു

പുതിയ പ്രതീക്ഷകൾ.

ലോകയുക്തയെ നിർവീര്യമാക്കുന്ന ലോകായുക്ത നിയമ ഭേദഗതി ഓർഡിനൻസിൽ സംസ്ഥാന ഗവർണർ ഒപ്പിട്ടിരിക്കുകയാണ്. (Feb 08, 2022)

രാഷ്ട്രീയം തൊഴിലായി സ്വീകരിക്കുകയും പൊതുസ്വത്ത് കൊള്ളയടിക്കുകയും ചെയ്യുന്ന സമൂഹത്തിലെ പ്രതീക്ഷയുടെ ഒരു തിരി വെളിച്ചമായിരുന്നു കേരളീയന് ലോകായുക്ത എന്നത്. കൈയൂക്കിന്റെ ബലത്തിൽ നിയമ സഭയേയും വേണ്ടിവന്നാൽ രാജഭവനേയും തടങ്കലിലാക്കാൻ കഴിയും വിധം നമ്മുടെ രാഷ്ട്രീയ ശക്തികൾ അധ:പതിച്ചിട്ടുണ്ട്. ലോകയുക്തയെ നിർവീര്യമാക്കുന്ന ഓർഡിനൻസിൽ ഒപ്പിട്ട ദിവസം ജനാധിപത്യത്തിലെ ഈ നൂറ്റാണ്ടിലെ കറുത്ത ദിനങ്ങളിലൊന്നായി സ്മരിക്കപ്പെടും.

#കഥതുടരുന്നു

സ്വർഗം അട്ടിമറിക്കുമ്പോൾ

സ്വർഗ്ഗീയ സ്വരമാധുരിയിൽ ആസ്വാദകരെ ആറാടിച്ച ഇന്ത്യയുടെ വാനമ്പാടി ലതാ മങ്കേഷ്ക്കർ പറന്നകന്നു. (Feb 07, 2022)

വളരെ ചെറുപ്രായത്തിൽ തന്നെ ജനകോടിക ളുടെ വിശ്വാസമാർജിച്ചതും ജനകോടികൾ നെഞ്ചിലേറ്റിയതുമായ സ്വരമാധുരിയായിരുന്നു ലതാ മങ്കേഷ്ക്കറിന്റേത്. മരിക്കാത്ത ഓർമ്മക ളുമായി ഈ ഭാരതരത്നം തുടർന്നും ജീവി ക്കുക തന്നെ ചെയ്യും.

#കഥതുടരുന്നു

മരിക്കാത്ത ഓർമ്മകൾ.

കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ പുനർ നിയമനത്തിൽ മുൻ പ്രതിപക്ഷ നേതാവ് ഉന്നത വിദ്യാഭ്യാസ മന്ത്രിക്കെതിരെ നൽകിയ ഹർജി ലോകായുക്ത തള്ളിക്കളഞ്ഞിരിക്കുക യാണ്. (Feb 05, 2022)

വൈസ് ചാൻസലർ നിയമനത്തിൽ അതിന്റേ തായ പ്രായപരിധിയും സേവന കാലയളവും തിരഞ്ഞെടുപ്പ് രീതികളും സമൂഹം പ്രതീക്ഷി ക്കുന്നു. അവയൊക്കെ മറികടന്നുള്ള നിയമന ങ്ങളെ സംഘം ചേർന്ന് സംസ്ഥാനത്തെ കൊള്ളയടിക്കാനുള്ള ശ്രമങ്ങളായി കാണേണ്ടി യിരിക്കുന്നു. നിയമനങ്ങളിൽ സാങ്കേതിക പിഴ വില്ല എന്നു വിധിക്കുമ്പോഴും ജനം ഉണർന്നിരി ക്കുക തന്നെ വേണം.

#കഥതുടരുന്നു

ജനകീയ കോടതി ജനാധിപത്യത്തിൽ.

ആറ് കമ്പനികൾ ഒത്തുകളിച്ച് ഭീമമായി ടയർ വില ഉയർത്തി ലാഭം കൊയ്തതിന് കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ പിഴ ചുമത്തിയത് സുപ്രീം കോടതിയും ശരി വച്ചിരിക്കുകയാണ്. (Feb 04, 2022)

റബർ കർഷകർക്ക് കാർഷികവൃത്തിയിലൂടെ ജീവിക്കാനാവശ്യമായ ലാഭം പോലും ലഭ്യമാകാത്തിടത്താണ് റബർ കമ്പനികൾ ഒത്ത് കളിച്ച് ലാഭം കൊയ്യുന്നത്. സർക്കാർ കമ്പനികൾ അഴിമതിയുടെ കൂത്തരങ്ങായി മാറി ജനങ്ങളുടെ നികുതിപ്പണമെടുത്ത് അമ്മാനമാടുന്നതു പോലെ ആപത്ക്കരമായ പ്രവണതയാണ് ഒത്തുകളിച്ച് വിലയുയർത്തുക എന്നതും അതുവഴി ലാഭം കൊയ്യുന്നതും.

#കഥതുടരുന്നു

തുടരുന്ന ചോദ്യങ്ങൾ

കെ-റയിൽ പദ്ധതിയുടെ സാങ്കേതിക പ്രായോഗികത പരിശോധിക്കുവാൻ ആവശ്യമായ വിവരങ്ങൾ ഡി.പി.ആർ-ൽ ലഭ്യമല്ലാത്തതിനാൽ കെ റയിൽ പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ലെന്ന് കേന്ദ്ര റയിൽവെ മന്ത്രി രേഖാമൂലം നൽകിയ മറുപടിയിൽ പറയുന്നു. (Feb 03, 2022)

കേരളത്തിന്റെ അടിസ്ഥാന വികസന സാഹചര്യം ഉയർത്തിക്കൊണ്ടു വരേണ്ടതുണ്ടെന്നതിനാൽ കെ റയിലും കേന്ദ്ര നിർദ്ദേശങ്ങളിലൊന്നായ വന്ദേമാതിരം ട്രെയിനും അടിന്തിരമായി നടപ്പിലാക്കേണ്ട നിർദ്ദേശങ്ങളിൽ പെടുന്നവയാണ്. ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉയർന്നുവരുന്ന സാമൂഹീകാഘാതവും പരിസ്ഥിതി ആഘാതവും പരിമിതമായ തോതിൽ ആണെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്.

#കഥതുടരുന്നു

ലക്ഷ്യം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ.

പ്രതിസന്ധിക്കിടയിലും പ്രതീക്ഷ വിടാതെ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകി ഡിജിറ്റൽ യുഗത്തിലേക്ക് നേരിട്ട് കടക്കുന്ന ബജറ്റ് കേന്ദ്രമന്ത്രി നിർമല സീതാരാമൻ പാർലമെന്റിൽ അവതരിപ്പിച്ചിരിക്കുകയാണ്. (Feb 02, 2022)

ഇന്ത്യ പോലുള്ള രാജ്യങ്ങൾ അഭിമുഖീകരിക്കുന്ന സാമ്പത്തിക വളർച്ചയിലെ പ്രധാന തടസങ്ങളിലൊന്നാണ് കള്ളപ്പണവും പൊതുകടവും. കള്ളപ്പണം തടയുവാൻ കഴിയുകവഴി, ഡിജിറ്റൽ മാറ്റം ഭാരതം കൈകാര്യം ചെയ്യുന്ന പണത്തിന്റെ മൂല്ല്യം വർദ്ധിക്കാൻ ഇടയാക്കുന്നു. പണത്തിന്റെ മൂല്ല്യം വർദ്ധിക്കുക വഴി ഭാരത പൗരന് ഉയർന്ന ജീവിത നിലവാരത്തിലേക്ക് എത്തിപ്പെടാനും സാധ്യമാകുന്നു.

#കഥതുടരുന്നു

അപജയങ്ങൾ.

ഐ.ടി, ബി.പി.ഒ മേഖലയിലെ ടെലികോം നിയന്ത്രണം ഉൾപ്പടെ ബഹിരാകാശ മേഖല കൂടി സ്വകാര്യവത്ക്കരണത്തിന് തുറന്നു കൊടുക്കുമെന്ന് 2021-22 വർഷത്തെ സാമ്പത്തിക സർവ്വെ പറയുന്നു. (Feb 01, 2022)

കേന്ദ്ര സർക്കാരിന്റെ മൊത്തം കടം ജി.ഡി.പി-യുടെ 59.3% ആയി 2020-21ൽ വർദ്ധിക്കുകയുണ്ടായി. അനുദിനം വർദ്ധിച്ചു വരുന്ന മൊത്തം കടം നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. ഏതൊക്കെ മേഖലകൾ സ്വകാര്യവത്ക്കരിക്കണം എന്നത് കടുത്ത മുൻവിധി വേണ്ട കാര്യം തന്നെയാണ്. സർക്കാർ-പൊതുമേഖല സ്വകാര്യവത്ക്കരിക്കുന്നതുപോലെ പ്രാധാന്യമർഹിക്കുന്നതാണ് സർക്കാർ-പൊതുമേഖല സ്ഥാപനങ്ങളിലെ ഡി.എ. നിറുത്തലാക്കുന്നതും.

#കഥതുടരുന്നു

കടം ഒരു ശീലമാകുമ്പോൾ.

ഫേസ്ബുക്ക് പേജിലൂടെ രൂക്ഷ ആരോപണം ഉന്നയിച്ച് മുൻമന്ത്രിയും എം.എൽ.എ-യുമായ കെ.ടി.ജലീൽ ലോകയുക്തയെ അധിക്ഷേപിക്കാൻ തയ്യാറായിരിക്കുകയാണ്. (Jan 31, 2022)

ലോകയുക്തക്കെതിരെ ഒരു മുൻമന്ത്രി ആരോപണങ്ങൾ ഉന്നയിക്കുക എന്നതിലൂടെ അദ്ദേഹത്തിന്റെ നിലവാരം തന്നെ വെളിവാക്കപ്പെടുന്നു. യോഗ്യതകൾ മാറ്റിയും കൂടുതൽ യോഗ്യതകൾ ഉള്ളവരെ തഴഞ്ഞും സർവ്വകലാശാലകൾ ഉൾപ്പടെയുള്ള നിയമനങ്ങൾ സർക്കാർ നടത്തിയിട്ടുള്ളതായി കാണാവുന്നതാണ്. കളവ് നടത്തുമ്പോൾ പിടികൊടുക്കാത്ത വിധം നടക്കുന്നവർക്കിടയിൽ ചാവേറിന്റെ സ്ഥാനത്തേക്ക് മുൻമന്ത്രി മാറ്റപ്പെടുന്നു.

#കഥതുടരുന്നു

കൊന്നാൽ പാപം തിന്നാൽ തീരുമൊ.

ഇസ്രായേലിൽ നിന്ന് ചാര സോഫ്റ്റ്‌വെയർ പെഗാസസ് നരേന്ദ്രമോദി സർക്കാർ വാങ്ങിയെന്ന ന്യൂയോർക്ക് ടൈംസ് വെളിപ്പെടുത്തലിനെ തുടർന്ന് കേന്ദ്രത്തിനെതിരെ അതിരൂക്ഷ വിമർശനവുമായി കോൺഗ്രസ്സ് ഉൾപ്പടെയുള്ള പ്രതിപക്ഷം മുന്നോട്ട് വന്നിരിക്കുകയാണ്. (Jan 30, 2022)

ഏതൊരു ഭരണകൂടവും എല്ലാ കാലത്തും സുഗമമായ തങ്ങളുടെ മുന്നോട്ടുള്ള പ്രയാണത്തിന് എതിരാളികളുടെ വിവരങ്ങൾ മുൻകൂട്ടിയറിഞ്ഞ് ആരോപണങ്ങളെ നേരിടുക എന്ന തന്ത്രം സ്വീകരിക്കുന്നു. സംസ്ഥാന സർക്കാരുകളായാലും കേന്ദ്ര സർക്കാരുകളായാലും പ്രതിപക്ഷത്തിന്റെ വായടപ്പിക്കാൻ പലവിധ മാർഗങ്ങൾ സ്വീകരിക്കുന്നു. ജനാധിപത്യ രീതി സ്വീകരിച്ചിരിക്കുന്ന രാഷ്ട്രങ്ങൾ ഇത്തരം പ്രതിപക്ഷ ബഹുമാനമില്ലാത്ത പ്രവർത്തികളെ കക്ഷി രാഷ്ട്രീയമില്ലാതെ എതിർക്കേണ്ടതുണ്ട്.

#കഥതുടരുന്നു

അടിയന്തരാവസ്ഥ തുടരുമ്പോൾ.

അഴിമതിവിരുദ്ധ സംവിധാനമായ ലോകായുക്ത യുടെ ചിറകരിയുന്ന ദേഭഗതി ഓർഡി നൻസിനെ ന്യായീകരിക്കുന്ന സി.പി.എം നേതാവ് കൊടിയേരിയുടെ വാദങ്ങളെ വെട്ടിനി രത്തിക്കൊണ്ട് സി.പി.ഐ നേതാവ് കാനം രംഗ ത്തെത്തിയിരിക്കുകയാണ്. (Jan 29, 2022)

ലോകയുക്ത പോലുള്ള സംവിധാനങ്ങളെ അട്ടി മറിക്കുന്നതിനായി പാർട്ടി സൂക്തങ്ങൾ പറഞ്ഞ് അണികളെ നിശബ്ദരാക്കുന്നതും തെറ്റ് ചൂണ്ടി ക്കാണിക്കുന്നവരെ അണികളെ വിട്ട് നേരിടാ നുള്ള ശ്രമങ്ങളും ഒരു ജനാധിപത്യ സംവിധാന ത്തിന് ചേർന്നതല്ല. കക്ഷി രാഷ്ട്രീയം മറന്നു മൂല്ല്യങ്ങൾക്കായി നിലകൊള്ളേണ്ടിടത്ത് നില കൊണ്ടില്ലെങ്കിൽ അടുത്ത തലമുറക്കും നമ്മുടെ തന്നെ തലമുറക്കും കൈ വിലങ്ങുകൾ തീർക്കു കയാണ് ചെയ്യുന്നത്.

#കഥതുടരുന്നു

പുതിയൊരു ലോകം.

പന്ത്രണ്ടിനും പതിനഞ്ചിനുമിടയിൽ പ്രായമുള്ള കുട്ടികൾക്കുള്ള വാക്സിനേഷൻ 2022 മാർച്ചിൽ ആരംഭിക്കുകയാണ്. (Jan 28, 2022)

സ്ക്കൂളുകളിലെ അദ്ധ്യയനവും മറ്റു പ്രവർത്ത നങ്ങളും അടിയന്തിരമായി ആരംഭിക്കേണ്ടതിന് കോവിഡ് പ്രതിരോധ ശേഷി നമ്മുടെ കുട്ടിക ളിൽ വളർത്തിയെടുക്കേണ്ടതുണ്ട്. കോവിഡ് കാലയളവിൽ നമ്മുടെ കുട്ടികൾ അകപ്പെട്ടു പോയ വിചിത്രമായ ലോകത്തുനിന്ന് അവരെ പുറത്ത് കടത്തേണ്ടതുണ്ട്. കുട്ടികൾക്ക് വാക്സിൻ നൽകുന്നത് എത്രയും വേഗം പൂർത്തിയാക്കി പൗരബോധമുള്ള തലമുറയായി വളർത്തിയെടുക്കേണ്ടത് സമൂഹത്തിന്റെ കടമ കൂടിയാണ്.

#കഥതുടരുന്നു

തലമുറകൾ കഥ പറയുമ്പോൾ.

മുഖ്യമന്ത്രിയുടെയും ഉന്നത വിദ്യാഭ്യാസ മന്ത്രിയുടേയും കേസുകൾ പരിഗണിക്കാനിരിക്കെ പൊതുപ്രവർത്തകരുടെ അഴിമതിക്കേസുകൾ കൈകാര്യം ചെയ്യുന്ന ലോകയുക്തയുടെ അധികാരത്തിന് കടിഞ്ഞാണിടാൻ നിയമ നടപടികളുമായി സംസ്ഥാന സർക്കാർ മുന്നോട്ട് പോവുകയാണ്. (Jan 26, 2022)

ജനാധിപത്യത്തിന്റെ വിജയം എന്നത് ധാർമ്മികതയും, സംസ്ക്കാരവും, കാര്യങ്ങളെ വിവേചിച്ചറിയാനുള്ള കഴിവും, വിദ്യാഭ്യാസവും തുടങ്ങി പലവിധ ഗുണങ്ങൾ ഉള്ളവരെ തിരഞ്ഞെടുക്കുവാനുള്ള വോട്ടർമാരുടെ കഴിവിനെ ആശ്രയിച്ചിരിക്കുന്നു. ലോകയുക്തയെപ്പോലുള്ള ജനാധിപത്യ സംവിധാനത്തെ തകർക്കാനുള്ള ശ്രമങ്ങളെ തോൽപ്പിക്കുക തന്നെ വേണം.

#കഥതുടരുന്നു

കാൽച്ചുവട്ടിലെ ജീവിതങ്ങൾ.

സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ കേന്ദ്രം നേരിട്ട് നടത്താനുള്ള നിയമ ഭേദഗതിയിലെ എതിർപ്പ് മറ്റു പല സംസ്ഥാനങ്ങളോടൊപ്പം കേരളവും കേന്ദ്രത്തെ അറിയിച്ചിരിക്കുകയാണ്. (Jan 24, 2022)

കേന്ദ്രത്തിലായാലും കേരളത്തിലായാലും ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെടുന്നവരുടെ കാര്യക്ഷമത പലപ്പോഴും ചോദ്യം ചെയ്യപ്പെട്ടിട്ടുള്ളതാണ്. നമ്മുടെ സംസ്ഥാനത്ത് പലപ്പോഴും അധികാരത്തിൽ എത്തിപ്പെട്ടവർ കാര്യക്ഷമതയുള്ള സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ നിലവാരം തിരിച്ചറിയാതെ പോകുന്നുണ്ട്. അതുകൊണ്ട് തന്നെ ആ സ്ഥാനമാനങ്ങൾ സ്വപ്നമാരും വ്യാജ ആർക്കിയോളജിസ്റ്റുമാരുമൊക്കെ കൈവശമാക്കുന്നു.

#കഥതുടരുന്നു

അറിവില്ലാ പൈതങ്ങൾ

കോവിഡ് രോഗമുക്തി നേടിയവർ വീണ്ടും മൂന്ന് മാസത്തിനു ശേഷമെ ഏതു വാക്സിൻ ആയാലും സ്വീകരിക്കാവൂ എന്നും രണ്ടാം ഡോസ് വാക്സിൻ സ്വീകരിച്ച് ഒമ്പത് മാസ ത്തിനു ശേഷമെ കരുതൽ വാക്സിൻ സ്വീകരി ക്കാവൂ എന്നും കേന്ദ്ര ആരോഗ്യ മന്ത്രാലയം നിർദ്ദേശിച്ചിരിക്കുന്നു. (Jan 23, 2022)

ഏതൊരു മഹാമാരിയേയും പൂർണ്ണമായും നിയ ന്ത്രണ വിധേയമാക്കുമ്പോൾ ഉണ്ടായേക്കാ വുന്ന കാലതാമസം കോവിഡ് എന്ന മഹാമാ രിയെ ഭൂമുഖത്തു നിന്നും തുടച്ചു നീക്കുന്ന തിലും ഉണ്ടാവുന്നു. അതുവരെയും ലോകാ രോഗ്യ സംഘടനയുമായി ബന്ധപ്പെട്ട സർക്കാർ ആരോഗ്യ ഏജൻസികളുടെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുക എന്നത് ഏതൊരു പൗരന്റേയും കടമ തന്നെയാണ്.

#കഥതുടരുന്നു

അറിവില്ലാ പൈതങ്ങൾ

കോവിഡ് നിയന്ത്രണ നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് പ്രഖ്യാപിച്ച ഞായറാഴ്ച നിയന്ത്രണത്തിൽ പോലീസ് പരിശോധനകളും ഉണ്ടാകുന്നതാണ്. (Jan 22, 2022)

എന്തിന്റെ പേരിലായാലും പോലീസ് പരിശോധനകൾ അടിയന്തരാവസ്ഥയെ ഓർമ്മിപ്പിക്കും വിധമാകാറുണ്ട്. അതുകൊണ്ടുതന്നെ പല വിധ്വംസക പ്രവർത്തികളും അറിയപ്പെടാതെ പോവുകയും ആ ശാന്തത ജനം ആസ്വദിക്കുകയും അത് അതാത് കാലത്തെ സർക്കാരിന്റെ നേട്ടത്തിന്റെ പട്ടികയിൽ പെടുകയും ചെയ്യുന്നു.

#കഥതുടരുന്നു

വിധേയനായ അടിമ

കന്യാസ്ത്രിയെ പീഡിപ്പിച്ചു എന്ന് ആരോപിക്കപ്പെട്ട കേസിൽ ബിഷപ്പ് ഡോ.ഫ്രാങ്കോ മുളക്കലിനെ കുറ്റ വിമുക്തനായി അഡീഷണൽ സെഷൻസ് കോടതി വിധി പ്രസ്താവിച്ചിരിക്കുകയാണ്. (Jan 15, 2022)

പീഡനം ആരോപിക്കപ്പെട്ട കാലയളവിലും പോലീസിൽ പരാതിപ്പെട്ട ഏതാനും മാസങ്ങൾക്ക് മുമ്പുവരെയും പീഡിപ്പിച്ചു എന്ന് പറയുന്ന കന്യാസ്ത്രീയും കുറ്റാരോപിതനും ആർത്തട്ടഹസിച്ചു സൗഹൃദം പങ്കിടുന്നു എന്ന് തെളിയിക്കുന്ന ഡിജിറ്റൽ രേഖകൾ കേസിന്റെ ഗതി നിർണ്ണയിച്ചു എന്നു പറയപ്പെടുന്നു. സമൂഹത്തിന്റെ അനുച്ഛേദം ആയ കത്തോലിക്ക സഭയിലും ഉഭയ സമ്മത പ്രകാരം നടക്കുന്ന സെക്ഷ്വൽ സൗഹൃദങ്ങളെയല്ല കുറ്റപ്പെടുത്തേണ്ടതെന്നും അവ നീതിന്യായ വ്യവസ്ഥയെ അംഗീകരിക്കുന്നതാണെന്നു ഉറപ്പ് വരുത്തുക മാത്രമേ ചെയ്യേണ്ടതുള്ളൂ എന്നും സമൂഹം തിരിച്ചറിയേണ്ടതുണ്ട്.

#കഥതുടരുന്നു

നീതിയും ന്യായവും

ഇ-പോസ് മെഷീനുകളുടെ സെർവർ തകരാറിനെ തുടർന്ന് സംസ്ഥാനത്തെ റേഷൻ വിതരണം തടസപ്പെട്ടിരിക്കുന്നതിനാൽ റേഷൻ വാങ്ങാൻ നേരവും കാലവും നോക്കേണ്ടി വന്നിരിക്കുന്നു. (Jan 13, 2022)

റേഷൻ വിതരണം ഇ-പോസ് മെഷീനുകളിലൂടെ സാധ്യമായപ്പോൾ രാജ്യത്തെ റേഷൻ വിതരണവുമായി ബന്ധപ്പെട്ട ഒട്ടനവധി അധാർമിക പ്രവർത്തികളിൽ നിന്നും കരകയറുവാൻ സാധ്യമായി. സോഷ്യൽ കമ്മിറ്റ്മെന്റ് ശാസ്ത്രീയമായി നടപ്പിൽ വരുത്തുമ്പോൾ ഉണ്ടാകുന്ന ഇത്തരം പോരായ്മകളെ ജനവിഭാഗങ്ങൾ എങ്ങനെ നോക്കി കാണുന്നു എന്നതും സാമൂഹ്യ സുരക്ഷയെ വിജയകരമാക്കുന്നതിൽ പ്രാധാന്യം അർഹിക്കുന്നു.

#കഥതുടരുന്നു

ജനങ്ങൾ ജനങ്ങൾക്കായി

റബർ ഇറക്കുമതിയിൽ കേന്ദ്രത്തിനു മാത്രമായി അധികാരം കൊണ്ടുവരാനും ഇപ്പോഴുള്ള റബർ ആക്ട് റദ്ദാക്കാനും സർക്കാർ നിയമം കൊണ്ടുവരികയാണ്. (Jan 12, 2022)

കേരവുമായി ബന്ധപ്പെട്ടാണ് കേരളം അറിയപ്പെടുന്നതെങ്കിലും ഇന്നിപ്പോൾ കേരവും മത്സ്യവുമൊക്കെ മാറി റബറുമായിട്ടാണ് കേരളത്തിന് കൂടുതൽ ബന്ധം. കേന്ദ്രം നിശ്ചയിക്കുന്ന കുറഞ്ഞ വിലയിൽ കുറവായിട്ടൊ കേന്ദ്രം നിശ്ചയിക്കുന്ന കൂടിയ വിലയിൽ കൂടുതലായിട്ടൊ വാങ്ങാനും പുതിയ നിയമം വഴി സാധ്യമാവില്ല. ചുരുക്കത്തിൽ റബർ ഉത്പ്പാദനമില്ലാത്ത സമയത്ത് മറ്റിതര വരുമാന മാർഗ്ഗവും കർഷകർ തേടേണ്ടതായി വന്നേക്കാവുന്നതാണ്.

#കഥതുടരുന്നു

റബറധിഷ്ഠിത വ്യവസായം.

പ്രധാനമന്ത്രിക്ക് പഞ്ചാബിൽ വച്ചുണ്ടായ സുരക്ഷാ വീഴ്ച അന്വേഷിക്കാൻ സുപ്രീം കോടതി സ്വതന്ത്ര സമിതിയെ നിയോഗിച്ചിരിക്കുകയാണ്. (Jan 11, 2022)

ഭാരതത്തെപ്പോലുള്ള ബഹുസ്വര സംസ്ക്കാരവും വൈവിധ്യവുമുള്ള രാജ്യത്ത് സുപ്രീം കോടതി പോലുള്ള സംവിധാനങ്ങൾ വഹിക്കുന്ന പങ്ക് വിലപ്പെട്ടതാണ്. രാഷ്ട്രീയ വിഭാഗീയതകൾക്കിടയിൽ ശരിയേത് എന്ന് നിർണ്ണയിക്കാനും രാജ്യത്തെ അസ്ഥിര സാഹചര്യങ്ങൾക്ക് പരിഹാരം കാണാനും സുപ്രീം കോടതിക്കും അത് നിയോഗിക്കുന്ന സമിതികൾക്കും കഴിയേണ്ടതാണ്.

#കഥതുടരുന്നു

രാഷ്ട്രീയ വൈവിധ്യം.

അഞ്ചു സംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിരിക്കുകയാണ്. കോവിഡ് ബാധിതർക്ക് പോസ്റ്റൽ വോട്ടും ഓൺലൈൻ ആയി നാമനിർദ്ദേക പത്രിക സമർപ്പിക്കുവാൻ സൗകര്യവും പ്രത്യേകതകളാണ്. (Jan 09, 2022)

ഒരു രാജ്യം ഒറ്റ തിരഞ്ഞെടുപ്പ് എന്ന മുദ്രാവാക്യം അനുസരിച്ച് സംസ്ഥാനങ്ങളിലേയും കേന്ദ്രത്തിലേയും തിരഞ്ഞെടുപ്പ് ഒന്നിച്ചു ഒരേ കാലയളവിൽ നടത്തപ്പെടേണ്ടതാണ്. വർദ്ധിച്ചു വരുന്ന ചിലവുകൾക്ക് പുറമെ തിരഞ്ഞെടുപ്പ് ചിലവുകൾക്കുമായി കള്ളപ്പണം സ്വരുക്കൂട്ടുന്ന തിരക്കിലാണ് നമ്മുടെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ.

#കഥതുടരുന്നു

കള്ളപ്പണവും അധികാരമോഹവും.

മെഡിക്കൽ, പി.ജി. അഡ്മിഷനുമായി ബന്ധപ്പെട്ടുള്ള തർക്കത്തിൽ 27% ഒ. ബി. സി. സംവരണം നടപ്പിലാക്കാനും ഇ ഡബ്ല്യൂ എസ് വരുമാനപരിധി ഈ വർഷം 8 ലക്ഷം ആക്കുന്നതിനും അംഗീകാരം നൽകി. (Jan 08, 2022)

വൃത്തിയില്ലായ്മ, കൈക്കൂലി, അഴിമതി, ആധുനിക സംവിധാനത്തോടുള്ള എതിർപ്പുകൾ, മെച്ചപ്പെട്ട പെരുമാറ്റം എന്നിവയിലൊക്ക ഇ ഡബ്ല്യൂ എസ് പരിധി 8 ലക്ഷമാക്കുന്നതിലൂടെ പരിഹാരമാവുമെങ്കിൽ ആ തീരുമാനത്തെ സ്വാഗതം ചെയ്യേണ്ടതുണ്ട്. കേരളത്തിൽ 21-ാം നൂറ്റാണ്ടിൽ നടപ്പിലാക്കിയ കെ എ എസ് പോലും ഇത്തരം അറപ്പുളവാക്കുന്ന സംസ്ക്കാരത്തെ പ്രോത്സാഹിപ്പിക്കുന്ന വിധമാണ് നടപ്പിലാക്കിയത്.

#കഥതുടരുന്നു

വോട്ട് ബാങ്കുകൾ.

പ്രധാനമന്ത്രിയുടെ സുരക്ഷാവീഴ്ച സുപ്രീം കോടതിയുടെ പരിഗണനയിലും അക്കാര്യത്തിലുള്ള വിവാദം മുറുകുകയുമാണ്. (Jan 07, 2022)

രാഷ്ട്രീയ നേതൃത്വങ്ങളുടേയും ഭരണ നേതൃത്വങ്ങളുടേയും സുരക്ഷ ഉറപ്പാക്കേണ്ടതിനെപ്പറ്റി ആർക്കും സംശയമില്ല. അത്തരം സുരക്ഷക്കായി എത്രമാത്രം ധനവിനിയോഗം ആകാം എന്നതിനെപ്പറ്റിയും ധാരണ ഉണ്ടാകേണ്ടതുണ്ട്. കേരളത്തിലെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങളുടെ സുരക്ഷക്കായും അല്ലാതെയുമുള്ള ചില വിനങ്ങൾ അമ്പരിപ്പിക്കുംവിധം പെരുകിക്കൊണ്ടിരിക്കുകയാണ്.

#കഥതുടരുന്നു

കേന്ദ്രത്തിലും കേരളത്തിലും.

കെ.റയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാ യേക്കാവുന്ന ജനകീയ എതിർപ്പുകളെ നഷ്ടപ രിഹാര മഴ പ്രഖ്യാപിച്ച് മുഖ്യമന്ത്രിയും പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടായേക്കാവുന്ന എതിർപ്പിനെ സർക്കാർ വിരുദ്ധ ജനകീയ വിശ്വാസമാക്കി വളർത്തിയെടുക്കാൻ പ്രതി പക്ഷ നേതാവും രംഗത്തിറങ്ങിയിരിക്കുകയാ ണ്. (Jan 05, 2022)

ഭാരതത്തിലെ നല്ലതും ചീത്തയുമായ ഏതു പ്രവർത്തനത്തേയും എല്ലാക്കാലത്തും പ്രതിപ ക്ഷത്തുള്ളവർ എതിർത്തു പോന്നിട്ടുള്ളതാണ്. തദ്ദേശസ്ഥാപനങ്ങൾ മുതൽ കേന്ദ്രഭരണത്തിൽ വരെ എതിർത്തവർ തന്നെ പിന്നീട് ഭരണത്തി ലെത്തുമ്പോൾ അവയിൽ മിക്കവയും നടപ്പിലാ ക്കുന്നതായി കാണാവുന്നതാണ്. പെട്രോൾ വിലയിലായാലും ആധാർ നടപ്പിലാക്കുന്നതിലാ യാലും പ്ലസ് ടു ആരംഭിക്കുന്നതിലായാലും സെൽഫ് ഫിനാൻസിങ് പഠനത്തിലായാലും കെട്ടിട നിയമങ്ങൾ നടപ്പിലാക്കുന്നതിലായാലും ഇത്തരം വൈചിത്ര്യങ്ങൾ കാണുന്നു.

#കഥതുടരുന്നു

വിധിയെ തടുക്കുന്നവരും വിധിക്കുന്നവരും.

കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കെ റെയിൽ പദ്ധതിയുമായി മുന്നോട്ട് പോകുവാനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിശദീകരണവുമായി യോഗങ്ങൾ സംഘടിപ്പിക്കുകയാണ്. (Jan 04, 2022)

പരമ്പരാഗത ബുദ്ധിജീവികൾക്കിടയിൽ അറപ്പെന്നൊ വെറുപ്പെന്നൊ പറയാവുന്ന വിധം സംസ്ഥാന രാഷ്ട്രീയക്കാരെ വികസന വിരോധികൾ എന്ന് മുദ്രകുത്തപ്പെട്ടിരിക്കുന്നു. ഇത്തരം ചെറിയ സമൂഹത്തിനിടയിലെ സ്വീകാര്യത ലഭിക്കുമ്പോൾ നഷ്ടപ്പെടുന്നത് കാലാകാലങ്ങളായി ഊട്ടിവളർത്തിയ മറ്റൊരു പരമ്പരാഗത ചിന്താഗതിയെയാണ്. അത്തരമൊരു മാറ്റത്തിനായി ബംഗാളിൽ നഷ്ടപ്പെട്ടത് കാൽച്ചുവട്ടിലെ മണ്ണ് തന്നെയാണ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തന്നെ ഇത്തരമൊരു സാഹസത്തിന് മുന്നിട്ടിറങ്ങുന്ന സാഹചര്യത്തെ കേരളം അകമഴിഞ്ഞ് പിന്തുണക്കേണ്ടിയിരിക്കുന്നു.

#കഥതുടരുന്നു

മാറാത്ത കേരളം മാറുമറക്കുമ്പോൾ.

വിവാദമായ പെഗാസസ് ഫോൺ ചോർത്തലുമായി ബന്ധപ്പെട്ട് സുപ്രീം കോടതി നിയമിച്ച സാങ്കേതിക സമിതി പെഗാസസ് ഫോൺ ചോർത്തലിനു വിധേയമായവരിൽ നിന്നും അങ്ങനെ കരുതുന്നവരിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയാണ്. സമിതിക്കു മുമ്പാകെ ഇ-മെയിൽ വഴിയും തെളിവുകൾ നൽകാവുന്നതാണ്. (Jan 03, 2022)

ആധുനീക സമൂഹത്തിൽ രാജ്യങ്ങൾ തമ്മിലും രാജ്യങ്ങൾക്കകത്തെ വിവിധ കൂട്ടായ്മകൾ തമ്മിലും വ്യക്തികൾ തമ്മിലും വിവരങ്ങൾ ചോർത്തി നേട്ടങ്ങൾ കൊയ്യാനുള്ള ശ്രമത്തിലാണ്. അതുകൊണ്ട് തന്നെ സ്വകാര്യ ജീവിതത്തിലായാലും സാമൂഹ്യ കൂട്ടായ്മയിലായാലും രാജ്യങ്ങളുടെ വളർച്ചയിലായാലും ഇത്തരം വിവരങ്ങൾ ചോർത്തി, ചോർത്തിയെടുക്കുന്നവന്റെ താൽപ്പര്യങ്ങൾക്ക് ഇണങ്ങുംവിധം ഉപയോഗിക്കുന്നു. ഇത് ആധുനീക സമൂഹം നേരിടുന്ന വെല്ലുവിളിയും ഇതിനെ ചെറുക്കാൻ ഭരണഘടന വഴി രാജ്യതലത്തിലും ആഗോളതലത്തിലുമുള്ള നിയമ പരിരക്ഷ ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

#കഥതുടരുന്നു

കീശയിൽ കനമുള്ളവനും അല്ലാത്തവനും.

വിദേശ സംഭാവന സ്വീകരിക്കുന്നതിനുള്ള എഫ്.സി.ആർ.എ ലൈസൻസ് ഒട്ടേറെ സന്നദ്ധ സംഘടനകൾക്കാണ് നഷ്ടമായത്. ഇതിൽ മദർ തെരേസയുടെ മിഷണറീസ് ഓഫ് ചാരിറ്റിയും ഉൾപ്പെടുന്നു. (Jan 02, 2022)

പുതിയ ലോകക്രമത്തിൽ നിയമപരമായും അല്ലാതെയും ഇന്ത്യ ഉൾപ്പടെയുള്ള ഒട്ടനേകം രാജ്യങ്ങളിലേക്ക് കള്ളപ്പണമായും വെള്ളപ്പണമായും സമ്പത്ത് എത്തിപ്പെടുന്നു. ഇവയെല്ലാം നന്മതിന്മകൾക്കായും ഉപയോഗിക്കപ്പെടുന്നു. ഇന്ത്യയെപോലുള്ള അവികസിതമൊ വികസ്വരമൊ ആയ രാജ്യങ്ങളിൽ ഇത്തരം വിദേശ സംഭാവനകൾക്ക് സന്നദ്ധ പ്രവർത്തനങ്ങളിൽ നിർണ്ണായകമായ സ്ഥാനമാണുള്ളത്. നന്മനിറഞ്ഞ പ്രവർത്തനങ്ങൾക്കാണ് ഇത്തരം വിദേശ സംഭാവനകൾ ഉപയോഗപ്പെടുത്തുന്നത് എന്ന് പക്ഷപാതമില്ലാതെ ഉറപ്പു വരുത്തേണ്ടതുണ്ട്.

#കഥതുടരുന്നു

പക്ഷപാതവും വിദേശ സംഭാവനയും.

കേരള സംസ്ഥാനത്ത് ആരംഭിക്കുവാൻ ആഗ്രഹിക്കുന്ന കെ-റയിൽ പദ്ധതിയുടെ സാമൂഹീഘാത പഠനം നടത്തുവാൻ തീരുമാനമായിരിക്കുകയാണ്. (Jan 01, 2022)

കേരളത്തെപ്പോലെ ജനസാന്ദ്രതയേറിയ സംസ്ഥാനത്ത് വിപുലമായ വികസന പ്രവർത്തനങ്ങൾ എന്നും ജനവാസമേഖലയെ ദുഷ്ക്കരമാക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഹൈവേകളുടെ വികസനം പലവിധ അഡ്ജസ്റ്റുമെന്റുകളാൽ താറുമാറായിട്ടുണ്ട്. വികസനം സാധ്യമാക്കുന്നുവെങ്കിൽ അവ അഡ്ജസ്റ്റുമെന്റുകളിലൂടെ താറുമാറാക്കുകയല്ല വേണ്ടതെന്നും അടുത്ത തലമുറക്ക് കൂടി യോജിക്കും വിധമാകണം വിഭാവനം ചെയ്യേണ്ടതെന്നും കേരളം തിരിച്ചറിയേണ്ടതുണ്ട്.

#കഥതുടരുന്നു

നാലുവരി പാതകൾ നടപ്പാതകൾ.

ഇന്ത്യാ മഹാരാജ്യത്ത് പ്രതിദിന കോവിഡ് കേസുകൾ വർദ്ധിച്ചു. അതിലാകട്ടെ 25% കേസുകളും കേരളത്തിലാണ് എന്ന സവിശേഷ തയുമുണ്ട്. (Dec 31, 2022)

കേരളീയൻ പ്രതിരോധശേഷി വളരെ കുറയാ നിടയാക്കും വിധം വിഷലിപ്തമായ ഭക്ഷണ പദാർത്ഥങ്ങളും ആവശ്യത്തിനും അനാവശ്യ ത്തിനും ബിവറേജ് ഉൾപ്പടെയുള്ള മരുന്നുകളും ഉപയോഗിക്കുന്നു. ആരോഗ്യ സംവിധാനങ്ങൾ മെച്ചപ്പെട്ടതാകുന്നത് കൂടുതൽ ആശുപത്രി സംവിധാനങ്ങൾ കൊണ്ടു മാത്രമല്ലെന്നും മനു ഷ്യ ശരീരത്തിന്റെ പ്രതിരോധശേഷി വർദ്ധി പ്പിച്ചു കൊണ്ടുമാണെന്നും കേരളീയൻ തിരിച്ചറി യുക തന്നെ വേണം.

#കഥതുടരുന്നു

മരണ നിരക്കിന്റെ മത്സരത്തിൽ കോവിഡും.

എറണാകുളം ജില്ലയിലെ കിഴക്കമ്പലത്ത് ക്രിസ്തുമസ് ആഘോഷത്തെ തുടർന്ന് മദ്യലഹരിയിൽ അഴിഞ്ഞാടിയ അതിഥി തൊഴിലാളികൾ പോലീസിനെ വളഞ്ഞിട്ട് ആക്രമിച്ച് ജീപ്പ് തീയിട്ടിരിക്കുകയാണ്. (Dec 27, 2022)

കേരളീയൻ ഉപ്പ് തൊട്ട് കർപ്പൂരംവരെ അന്യസംസ്ഥാനത്തെ ആശ്രയിക്കേണ്ടി വരുന്നത് പോലെ നമ്മുടെ നാട്ടിലെ ഓടകൾ വൃത്തിയാക്കുന്നതിനു മുതൽ എന്തിനും ഏതിനും അന്യസംസ്ഥാന തൊഴിലാളികളെ ആശ്രയിക്കുന്നു. കേരളത്തിൽ എത്ര അന്യസംസ്ഥാന തൊഴിലാളികളുണ്ടോ അതിനേക്കാൾ അധികമാണ് അന്യ സംസ്ഥാനത്തും അന്യ രാജ്യത്തുമായി കേരളീയർ പണിയെടുക്കുന്നത്.

#കഥതുടരുന്നു

പണിയെടുക്കുന്നവരും പണിയെടുപ്പിക്കുന്നവരും.

രാഷ്ട്രീയ കുറ്റവാളികളുടേയും ഗുണ്ടകളുടെയും ലിസ്റ്റ് തയ്യാറാക്കാൻ സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചിരിക്കുകയാണ്. (Dec 26, 2022)

രാഷ്ട്രീയ കുറ്റവാളികളുടേയും ഗുണ്ടകളുടേയും ലിസ്റ്റ് തയ്യാറാക്കുമ്പോൾ ചിലരുടെ കാരൃത്തിൽ ബാലാവകാശ കമ്മീഷനൊ, വനിത കമ്മീഷനൊ, മനുഷ്യാവകാശ കമ്മീഷനൊ ഇടപെടാനുള്ള സാധ്യത തള്ളിക്കളയാൻ കഴിയില്ല. ഓരോ അംഗീകൃത പാർട്ടികൾക്കും ഓരോ ജില്ലയിൽ നിന്നുള്ള പത്തു പേരുടെയോ മറ്റോ ലിസ്റ്റ് കേന്ദ്രത്തിനും സംസ്ഥാനത്തിനും സമർപ്പിക്കാനുള്ള അവസരവും നൽകട്ടെ. കൂട്ടത്തിൽ പോലീസിലുള്ള ഗുണ്ടകൾക്കും ക്രിമിനലുകൾക്കുമെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് കേന്ദ്രവും സംസ്ഥാനവും വ്യക്തമാക്കട്ടെ.

#കഥതുടരുന്നു

കാക്കക്കും തൻ കുഞ്ഞു പൊൻകുഞ്ഞ്.

മതപരിവർത്തന നിരോധന ബിൽ കർണ്ണാടക (കർണ്ണാടക പ്രൊട്ടക്ഷൻ ഓഫ് റിലീജിയൻ ബിൽ, 2021) നിയമസഭ പാസ്സാക്കിയിരിക്കുകയാണ്. (Dec 25, 2022)

ഭാരതത്തിന്റെ തനതായ സംഭാവനകളിലൊന്നായ ആയുർവേദത്തെ പക്ഷെ ലോകത്തുള്ള ഒട്ടുമിക്ക രാജ്യങ്ങളും അംഗീകരിച്ചിട്ടില്ല. ഭാരതത്തിന്റെ മറ്റൊരു സംഭാവനയായ ജാതി വ്യവസ്ഥയെയും ലോകം അംഗീകരിച്ചിട്ടില്ല. മാർപ്പാപ്പയാകട്ടെ മതപരിവർത്തനത്തെ നിരുൽസ്സാഹപ്പെടുത്തുന്ന നിലപാടാണ് സമൂഹത്തെ ഉദ്ബോധിപ്പിച്ചിരിക്കുന്നത്.

#കഥതുടരുന്നു

മതാധിപത്യം ജനാധിപത്യം.

രാജ്യത്ത് എല്ലാ തെരഞ്ഞെടുപ്പുകൾക്കുമായി ഒറ്റ വോട്ടർ പട്ടിക തയ്യാറാക്കാൻ പാർലമെന്റിന്റെ നിയമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ശുപാർശ ചെയ്തിരിക്കുകയാണ്. (Dec 24, 2022)

പതിനെട്ടു വയസ്സായ എല്ലാവർക്കും എപ്പോൾ വേണമെങ്കിലും വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ അവസരമുണ്ടായിരിക്കെ ഏകീകരിച്ച ഒറ്റ വോട്ടർ പട്ടിക എന്നത് സ്വാഗതാർഹമായ കാര്യം തന്നെയാണ്. ജനാധിപത്യം ശക്തി പ്രാപിച്ചിടങ്ങളിൽ പ്രോക്സി സമ്പ്രദായം വോട്ടിങ്ങിനായി പരീക്ഷണാടിസ്ഥാനത്തിൽ നടത്തി കാലത്തിനൊത്ത് മുന്നേറേണ്ടതുണ്ട്.

#കഥതുടരുന്നു

രാഷ്ട്രീയവും അന്നം മുടക്കികളും.

സ്ത്രീകളുടെ വിവാഹ പ്രായമുയർത്തുന്ന ശൈശവ വിവാഹ നിരോധന നിയമ ഭേദഗതി ബിൽ 2021 ലോക്സഭയിൽ അവതരിപ്പിക്കുകയും ബിൽ സ്റ്റാൻഡിങ് കമ്മിറ്റിക്ക് വിടുകയും ചെയ്തിരിക്കുകയാണ്. (Dec 23, 2022)

സ്ത്രീകളുടെ ഉയർന്ന വിവാഹപ്രായം എന്നതിന്റെ ഗുണഫലങ്ങൾ അനുഭവിക്കുന്ന കേരളീയ പ്രതിനിധികൾ പോലും ബില്ലിനെ എതിർക്കുന്നത് നമ്മുടെ ജനാധിപത്യത്തിന്റെ തകർച്ച വ്യക്തമാക്കുന്നു.

#കഥതുടരുന്നു

എതിർപ്പുകൾ വോട്ടുബാങ്കുകൾ.

തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡിനെ ആധാറുമായി ബന്ധിപ്പിക്കുന്നതിനുള്ള തിരഞ്ഞെടുപ്പു നിയമഭേദഗതി ബിൽ പാസ്സാക്കിയെങ്കിലും ബന്ധിപ്പിക്കരുതെന്നാണ് പ്രതിപക്ഷത്തിന്റെ ആവശ്യം. (Dec 22, 2022)

സ്വതന്ത്രാനന്തര ഭാരതത്തിൽ കാലം ചെല്ലുന്തോറും കാലോചിതമായ പരിഷ്ക്കാരങ്ങൾക്ക് തടയിടുക എന്നതായി മാറിയിരിക്കുന്നു പ്രതിപക്ഷത്തിന്റെ പ്രവർത്തികൾ. വോട്ട് ബാങ്കുകളെ വളർത്തിയെടുക്കാനുള്ള ഇത്തരം ശ്രമങ്ങൾ ശിലായുഗത്തിൽ തുടരാനുള്ള ശ്രമങ്ങളായി കാണേണ്ടിയിരിക്കുന്നു.

#കഥതുടരുന്നു

വെടക്കാക്കി തനിക്കാക്കി.

കേരളത്തെ നടുക്കി ആലപ്പുഴ ജില്ലയിൽ ഏതാനും മണിക്കൂറുകൾക്കുള്ളിൽ രണ്ടു രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിരിക്കുകയാണ്. (Dec 21, 2022)

ഏതുതരം ഭരണമായാലും അസംതൃപ്തരായ ജനവിഭാഗങ്ങൾ ഉണ്ടാവുക തന്നെ ചെയ്യും. ഏതു തരം രാഷ്ട്രീയ ഭരണകൂടങ്ങളായാലും ന്യായീകരണ വൃന്ദങ്ങളേയും അനുയായി വൃന്ദങ്ങളേയും സൃഷ്ടിക്കുക തന്നെ ചെയ്യും. രാഷ്ട്രീയ ശക്തികളുടെ ന്യായീകരണ വൃന്ദങ്ങളും അനുയായി വൃന്ദങ്ങളും തങ്ങളുടെ ചെയ്തികൾ കൊലപാതക രാഷ്ട്രീയത്തിലേക്ക് മാറുന്നത് രക്തസാക്ഷികളുടെ എണ്ണം വർദ്ധിപ്പിക്കാൻ മാത്രമെ ഉതകുകയുള്ളൂ എന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു.

#കഥതുടരുന്നു

അടിമകൾ ഉടമകൾ.

കോവിഡ് നഷ്ടപരിഹാരം നൽകാൻ വൈകുന്നതിൽ കേളത്തിനെ സുപ്രീം കോടതി നിശിതമായി വിമർശിക്കുകയും ഒരാഴ്ചക്കകം നൽകണമെന്നും നിർദ്ദേശിച്ചിരിക്കുകയാണ്. (Dec 19, 2022)

സർവ്വകലാശാലകൾ ഉൾപ്പടെയുള്ള സ്ഥാപനങ്ങൾ വരുതിയിലാക്കി ഭാര്യമാരേയും ബന്ധുക്കളേയും ആറക്ക ശമ്പളത്തിൽ നിയമനങ്ങൾ നൽകിയും സർക്കാർ-പൊതുമേഖല സ്ഥാപനങ്ങൾ എന്നിവക്കായി സംസ്ഥാന ഖജനാവിലെ പണം ഒഴുക്കുകയും ചെയ്യുമ്പോൾ രാഷ്ട്രീയ-ഭരണ നേതൃത്വങ്ങൾ മറന്നു പോകുന്നത് സാമൂഹ്യ സുരക്ഷ എന്ന പ്രധാന ചുമതലകളാണ്.

#കഥതുടരുന്നു

ഞാനും എന്റെ ആളുകളും.

പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങൾ നിശ്ചയിക്കുമ്പോൾ കേരളത്തിലെ നോൺ കോർ മേഖലകളെക്കുറിച്ച് ആശങ്ക തുടരുകയാണ്. (Dec 18, 2022)

പരിസ്ഥിതിയുമായി ബന്ധപ്പെട്ട ലോകത്തോടൊപ്പമുള്ള ആകാംക്ഷയിൽ ഭാരതത്തിനും വിശിഷ്യ കേരളത്തിനും ഒഴിഞ്ഞു നിൽക്കാനാവില്ല. അറിവില്ലായ്മയുടെ പേരിലൊ അന്നം തേടിയുള്ള അന്വേഷണത്തിന്റെ പേരിലൊ പ്രകൃതിയോടും പരിസ്ഥിതിയോടുമുള്ള ക്രൂരത ഇനിയും തുടരാനാവില്ല.

#കഥതുടരുന്നു

പുതിയ ഭൂമി പുതിയ തലമുറ.

കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലർ ഡോ.ഗോപിനാഥ് രവീന്ദ്രന്റെ പുനർനിയമനം ഹൈക്കോടതി ശരിവച്ചിരിക്കുകയാണ്. (Dec 17, 2022)

ഉയർന്ന കോടതി മറിച്ചെന്തെങ്കിലും മാറി ചിന്തിക്കാൻ വക നൽകുന്നത് വരെ ഹൈക്കോടതി വിധിയെ അംഗീകരിക്കുക തന്നെ വേണം. തുടരെ തുടരെ നമ്മുടെ യൂണിവേഴ്സിറ്റികളുടെ അക്കാഡമിക് നിലവാരം ഇടിച്ചു താഴ്ത്താൻ ഇടയാക്കുന്ന നിയമനങ്ങളിൽ നിന്നും ബന്ധപ്പെട്ടവർ പിന്മാറുകയും നല്ല നല്ല കീഴ്വഴക്കങ്ങൾ തുടരുകയും ചെയ്യേണ്ടത് സമൂഹ നന്മക്ക് നല്ലത് തന്നെയാണ്.

#കഥതുടരുന്നു

നിയമങ്ങൾ നിയമനങ്ങൾ.

ലെഖിയിംപൂർ കൂട്ടക്കൊല ആസൂത്രിതമെന്നും കേന്ദ്രമന്ത്രിയുടെ മകൻ ആശിഷ് മിശ്രയുടെ മകനെതിരെ വധശ്രമത്തിന് കേസെടുക്കണ മെന്നും പ്രത്യേക അന്വേഷണ സംഘം ആവ ശ്യപ്പെട്ടിരിക്കുന്നു. (Dec 16, 2022)

അഞ്ചു പതിറ്റാണ്ടുകാലം തുടരുന്ന സംഭ രണരീതി കാലോചിതമായി പരിഷ്ക്കരിക്കു മ്പോൾ മാറ്റങ്ങൾ ഉൾക്കൊള്ളുവാൻ ആവാത്ത വർ സമര രംഗത്തേക്ക് വരിക സ്വാഭാവികമാ ണ്. അത്തരം സമരങ്ങളെ ജനാധിപത്യപര മായി നേരിടുന്നതിനു പകരം ഒരു കേന്ദ്രമന്ത്രി യുടെ മകൻ ചെയ്തത് ആൾക്കൂട്ടത്തിലേക്ക് വണ്ടി ഓടിച്ചു കയറ്റി നിയമങ്ങളേയും ജനാധിപത്യത്തെയും കൂട്ടക്കൊല ചെയ്യുകയാണ് ചെയ്തത്. ആശിഷ് മിശ്രക്കെ തിരെ വധശ്രമത്തിന് കേസെടുക്കാനും പരമാ വധി ശിക്ഷ വാങ്ങിക്കൊടുക്കാനും വൈകരുത്.

#കഥതുടരുന്നു

നിയമലംഘകർ ഭരണാധികാരികൾ.

കേരളത്തിലെ സർവ്വകലാശാലകളിലെ വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട തന്റെ നിലപാടിൽ ചാൻസലറായ ഗവർണർ ഉറച്ചു നിൽക്കുകയാണ്. (Dec 14, 2022)

വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കേരളത്തിന്റെ പുരോഗതി ആഗ്രഹിക്കുന്ന കേരള സമൂഹം, രാഷ്ട്രീയ-ഭരണ മേഖലയിലുള്ളവരുടെ ഭീഷണിക്ക് ഗവർണർ വഴങ്ങരുതെന്നു ആഗ്രഹിക്കുന്നു. ചെറുവരപോലെ കിടക്കുന്ന കേരളത്തിലെ കുട്ടികളുടെ ആത്മഹത്യാ നിരക്ക് ഒരു വർഷം 300-നു മേൽ വർദ്ധിച്ചിരിക്കുന്നു. രാഷ്ട്രീയ വേദികളാക്കാൻ നമ്മുടെ കോളേജ് ക്യാമ്പസുകളെ വിട്ടു കൊടുക്കരുത്.

#കഥതുടരുന്നു

കൊലക്കളങ്ങളാകുന്ന ക്യാമ്പസുകൾ.

കെ.എസ്.ആർ.ടി.സിയിൽ സർക്കാർ ജീവന ക്കാർക്ക് തുല്ല്യമായ ശമ്പളഘടന നൽകാൻ തീരുമാനമായി. (Dec 11, 2022)

കെ.എസ്.ആർ.ടി.സി ലാഭകരമായി നടത്താൻ കഴിയില്ലെന്നും ബസ് ചാർജ്ജ് അഞ്ചോ പത്തോ ഇരട്ടിയാക്കി വർദ്ധിപ്പിക്കാൻ കഴിയില്ലാ യെന്നുമുള്ള തിരിച്ചറിവ് നല്ലത് തന്നെയാണ്. കെ.എസ്.ആർ.ടി.സി നിയന്ത്രണാധികാരം ഒഴിച്ച് പൂർണ്ണമായും ഔട്ട് സോഴ്സിങ് സമ്പ്രദാ യത്തിലേക്ക് മാറുകയും യാത്രക്കാർക്ക് പൂർണ്ണ മായും സൗജന്യ യാത്ര അനുവദിക്കുകയും വേണം. അപ്പോഴും സംസ്ഥാന ഖജനാവിന് കെ.എസ്.ആർ.ടി.സി., ഇപ്പോഴത്തെ അവസ്ഥ യിൽ നിന്നും, ലാഭകരമായി മാറിയതായി കാണാവുന്നതാണ്.

#കഥതുടരുന്നു

കാണം വിറ്റും ഓണം ഉണ്ണണം.

സംയുക്തസേനാ മേധാവി ജനറൽ ബിപിൻ റാവത്തും ഭാര്യയും 11 സൈനീകരുടേയും ജീവഹാനി രാജ്യത്തെ നടുക്കിയിരിക്കുകയാണ്. (Dec 10, 2022)

സ്വാതന്ത്ര്യം ലഭിച്ചു ഏഴു പതിറ്റാണ്ടോളം കാലം സംയുക്തസേനാ മേധാവി എന്ന പദവി ഇല്ലാ യിരുന്നു. സംയുക്തസേനാ മേധാവിയുടെയും സംഘത്തിന്റേയും ജീവഹാനി രാജ്യത്തിന്റെ നടുക്കമായി മാറുന്നു.

#കഥതുടരുന്നു

ജീവത്യാഗം.

റഷ്യയിൽനിന്ന് മിസൈൽ സംവിധാനം വാങ്ങാനും ആറ് ലക്ഷം ആധുനിക തോക്കുകൾ വാങ്ങാനും ധാരണയായി. (Dec 08, 2022)

അതിരുകളില്ലാത്ത ലോകം സ്വപ്നം കാണുകയും അതിരു കാക്കാൻ ആയുധങ്ങൾ വാങ്ങി ദാരിദ്ര്യം കാക്കാനുമാണ് ഭാരത ജനതയുടെ വിധി. ആയുധങ്ങൾക്കും പെട്രോളിയം ഉൽപ്പന്നങ്ങൾക്കുമായി കലവറയില്ലാതെ വിദേശനാണ്യം ഉപയോഗിക്കുന്നത് ഭാരതജനത നിയന്ത്രിക്കേണ്ടതുണ്ട്.

#കഥതുടരുന്നു

ജയ് ജവാൻ ജയ് കിസാൻ.

സോഷ്യലിസം എന്നത് ഭരണഘടനയിൽ നിന്ന് നീക്കം ചെയ്യണമെന്ന ഒരു സ്വകാര്യ ബിൽ സഭയിൽ അവതരിപ്പിക്കുകയുണ്ടായി. (Dec 07, 2022)

സോഷ്യലിസം എന്ന പദം കേരളീയന്റെ ചിന്തയുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. അതുകൊണ്ടുതന്നെ സർക്കാർ–പൊതുമേഖല സ്ഥാപനങ്ങൾ നടത്തിക്കൊണ്ടു പോകുവാനായി സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം തികയാതെ വരുന്ന അവസ്ഥയിലാണ്. ഇപ്പോഴുള്ള ജീവനക്കാരുടെ 10% മാത്രമെ പുതിയ നൂറ്റാണ്ടിൽ സർക്കാർ–പൊതുമേഖല സ്ഥാപനങ്ങൾ നടത്തിക്കൊണ്ടു പോകുവാൻ മിക്കവാറും ആവശ്യമായി വരുന്നുള്ളൂ. കേരളത്തിൽ നടപ്പിലാക്കിയ കെ.എ.എസ് ഈ നൂറ്റാണ്ടിനൊത്ത വിധമല്ലെന്നും കേരളീയൻ തിരിച്ചറിയേണ്ടതുണ്ട്.

#കഥതുടരുന്നു

സോഷ്യലിസവും മതേതരത്വവും.

സ്ക്കൂളുകൾ തുറന്നു. സ്പെഷ്യൽ സ്ക്കൂളുകളും തുറക്കുന്നു. (Dec 06, 2022)

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മഹാമാരി കുട്ടികളുടെ ബഹുസ്വരതയെ ഏറെ ബാധിച്ചിട്ടുണ്ട്. സംഘടിത തൊഴിലാളി സമൂഹത്തിന് ആവശ്യത്തിനും അനാവശ്യത്തിനും മത്സരിച്ചു വാരിക്കോരി നൽകുമ്പോൾ മറന്നു പോകുന്ന വിഭാഗങ്ങളിൽ ഒന്നു മാത്രമാണ് സ്പെഷ്യൽ സ്ക്കൂളൂകളും അവിടത്തെ അന്തേവാസികളും.

#കഥതുടരുന്നു

ഇൻക്വിലാബ് സിന്ദാബാദ്.

കോവിഡ് 19 വൈറസിനെതിരെ വാക്സിനേഷൻ എടുക്കാത്തവർക്ക് കോവിഡ് ചികിത്സ സർക്കാർ ചിലവിൽ സൗജന്യമായി നൽകേണ്ട എന്നു തീരുമാനമായി. (Dec 02, 2022)

കൊറോണ വൈറസിന്റെ ജനിതക മാറ്റം തുടരുമെന്നും അവ എത്രത്തോളം മാരകമായിരിക്കുമെന്നും ഉറപ്പിക്കുക സാധ്യമല്ല. സാമൂഹ്യ താത്പ്പര്യങ്ങളെ അവഗണിച്ചുകൊണ്ട് നിലപാട് സ്വീകരിക്കുന്നവർക്കെതിരെയുള്ള തണുത്ത മനോഭാവം വോട്ട് ബാങ്ക് വർദ്ധിപ്പിച്ചേക്കാമെങ്കിലും മരണസംഖ്യയും സാമൂഹ്യാഘാതവും വർദ്ധിപ്പിക്കുകയെയുള്ളൂ.

#കഥതുടരുന്നു

ജനിതകമാറ്റം വന്ന മനുഷ്യർ.

ഭാരതം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ കൊണ്ടുവന്ന കാർഷിക നിയമങ്ങൾ പിൻവലിച്ചു. (Dec 01, 2022)

1960–കളിൽ ഭാരതത്തിലെ വടക്കൻ സംസ്ഥാനങ്ങളിൽ സംഭവിച്ച കാർഷിക വിപ്ലവത്തെ തുടർന്ന് ഭക്ഷ്യധാന്യങ്ങളിൽ കൂടിയ അളവിൽ ഉത്പ്പാദനം വർദ്ധിച്ചു.  ആധുനിക യന്ത്ര സാമഗ്രികളോട് മുഖം തിരിച്ചു നിന്ന കേരളത്തെപ്പോലുള്ള സംസ്ഥാനങ്ങളുടെ ഭക്ഷണ ദാരിദ്ര്യം അക്കാലയളവിൽ നടപ്പിലാക്കിയ മണ്ടി സിസ്റ്റം വഴി പരിഹരിക്കാൻ കഴിഞ്ഞു.

#കഥതുടരുന്നു

ജയ് കിസാൻ.

# കഥ ഇതുവരെ

എസ്.കാച്ചപ്പിള്ളി



ഓരോ ദിവസത്തെയും പ്രധാന പത്രവാർത്ത കളെ അടിസ്ഥാനപ്പെടുത്തി അവലോകനം ചെയ്യുന്ന #കഥഇതുവരെ എന്ന പംക്തിയാണ് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നത്. 2021 ഡിസംബർ മാസം മുതൽ 2022 ഫെബ്രുവരി മാസം വരെയുള്ള പ്രധാന വാർത്തകളാണ് വാർത്താധിഷ്ഠിത പംക്തിയായി പുറത്തുവരുന്നത്. വാർത്തകളെ എങ്ങനെ നോക്കിക്കാണണം എന്നു ചൂണ്ടിക്കാണിക്കാൻ കൂടി ഈ പംക്തി ഉതകുമെങ്കിൽ എന്റെ പ്രയത്നം വിഫലമായില്ല എന്നു കരുതുന്നു. വാർത്തകളെ വിശകലനം ചെയ്യുന്നത് എന്റേതായ രീതിയിലൂടെയാണ് എന്നതും ഇവിടെ പ്രസ്താവിക്കട്ടെ.

സംസ്ക്കാര, കൊച്ചി–682 509

9446459784